പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 8282 — 25/07/2012-ൽ മറുപടിയ്ക്ക്

**ആചാര സ്ഥാനികർക്ക് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| (എ) | ആചാരസ്ഥാനികർക്ക് ആനുകൂല്യം നൽകുന്ന പദ്ധതിയനുസരിച്ച് ഇപ്പോൾ എത്ര പേർക്കാണ് ആനുകൂല്യം നൽകുന്നതെന്നും ഏതൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും അറിയിക്കാമോ ; | (എ) | ഉത്തര മലബാറിലെ ക്ഷേത്ര ആചാര സ്ഥാനികർ/ കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി 2010 പ്രകാരം നിലവിൽ 1203 ആചാര സ്ഥാനികർക്ക് പ്രതിമാസം 800/- രൂപ വീതവും 278 കോലധാരികൾക്ക് പ്രതിമാസം 700/- രൂപ വീതവും ധനസഹായം നൽകുന്നുണ്ട്. |
| (ബി) | ആനുകൂല്യങ്ങൾക്കായി ഇനി എത്ര അപേക്ഷകളാണ് ബാക്കിയുള്ളത്; അവയിൽ എപ്പോൾ തീരുമാനമെടുക്കുമെന്ന് അറിയിക്കാമോ ? | (ബി) | പുതുക്കിയ നിബന്ധനകൾ പ്രകാരം പുതിയതായി ധനസഹായം അനുവദിക്കുന്നതിനായി ലഭിച്ച 601 ആചാര സ്ഥാനികരുടെയും 89 കോലധാരികളുടെയും അപേക്ഷകൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ